കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE OIL INDUSTRY (DEVELOPMENT) ACT, 1974

(Act No. 47 of 1974)

# എണ്ണ വ്യവസായ (വികസന) ആക്റ്റ്, 1974

(1974-ലെ 47-ാം നമ്പർ ആക്റ്റ്)

വില രൂ 3-50

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1983

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE OIL INDUSTRY (DEVELOPMENT) ACT, 1974

(Act No. 47 of 1974)

# എണ്ണ വ്യവസായ (വികസന) ആക്റ്റ്, 1974

(1974–ലെ 47–ാം നമ്പർ ആക്റ്റ്)

3 - 59

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1983

# എണ്ണ വ്യവസായ (വികസന) ആക്ററ്, 1974

## (1974-ലെ 47-ാം നമ്പർ)

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം

വകുപ്പുകൾ


1. ചുരുക്കപ്പേരും വ്യാപ്തിയും
2. നിർവ്വചനം


### അദ്ധ്യായം II

### എണ്ണ വ്യവസായ വികസന ബോർഡ്


3. ബോർഡിന്റെ സ്ഥാപനവും സംവിധാനവും.
4. അംഗങ്ങളുടെ സേവന വ്യവസ്ഥകൾ.
5. ബോർഡിന്റെ സെക്രട്ടറിയും ഉദ്യോഗസ്ഥൻമാരും, ഉപദേഷ്ടാക്കളും, ജോലിക്കാരും.
6. ബോർഡിന്റെ ചുമതലകൾ.
7. സഹായത്തിനുള്ള തത്വങ്ങളും ഉപാധികളും
8. കരാർ ചെയ്യപ്പെട്ട കാലാവധിക്ക് മുമ്പ് തിരിയെ നൽകാൻ ആവശ്യപ്പെടാനുള്ള അധികാരം.
9. ബോർഡ് തേർച്ചകൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.
10. ഒരു എണ്ണ വ്യവസായ സ്ഥാപനത്തിന്റെ ഡയറക്ടർമാരെ നിയമിക്കുന്നതിന് ബോർഡിനുള്ള അധികാരം.
11. ഡയറക്ടറെ നിയമിക്കുന്ന വിജ്ഞാപനം ചെയ്ത ഉത്തരവിന്റെ പ്രഭാവം.
12. ഡയറക്ടർമാരുടെ അധികാരങ്ങളും കർത്തവ്യങ്ങളും.
13. ഉദ്യോഗ നഷ്ടത്തിന് നഷ്ട പരിഹാരത്തിന് അവകാശമില്ലെന്ന്.
14. 1956-ലെ 1-ാം നമ്പർ ആക്ററിന്റെ ബാധകത.


### അദ്ധ്യായം III

### ധനകാര്യവും, കണക്കുകളും, ആഡിററും.


15. എക്സൈസ് ഡ്യൂട്ടികൾ.
16. ഡ്യൂട്ടിയിൽ നിന്നുള്ള വരവുകൾ ഇൻഡ്യയുടെ സഞ്ചിതനിധിയിലേക്ക് വരവുവയ്ക്കൽ.
17. കേന്ദ്ര ഗവൺമെൻറിനാലുള്ള ഗ്രാൻറുകളും കടങ്ങളും.
18. എണ്ണ വ്യവസായ വികസന നിധി.
19. കടം വാങ്ങുന്നതിനുള്ള അധികാരം.
20. കണക്കുകളും ആഡിററും.


### അദ്ധ്യായം IV

### കേന്ദ്ര ഗവൺമെൻറിനാലുള്ള നിയന്ത്രണം


21. എണ്ണ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ആളുകളോട് ബിസിനസ് സംബന്ധിച്ച ബുക്കുകളും, കണക്കുകളും, റിക്കാർഡുകളും വച്ചുപോരാനും ഹാജരാക്കാനും ആവശ്യപ്പെടുന്നതിനുള്ള അധികാരങ്ങളും അവയുടെ പരിശോധനയും.
22. കേന്ദ്ര ഗവൺമെൻറിനാലുള്ള നിർദ്ദേശങ്ങൾ.

22ക. ആദായ നികുതി കൊടുക്കേണ്ട ബാധ്യതയിൽ നിന്ന് ഒഴിവാക്കൽ.


### അദ്ധ്യായം V

### പലവക


23. ദണ്ഡനങ്ങൾ.
24. മററ് ദണ്ഡനങ്ങൾ.
25. കമ്പനികളാലുള്ള കുററങ്ങൾ.
26. കോടതികളുടെ അധികാരിത.
27. കേന്ദ്ര ഗവൺമെൻറിന്റെ മുൻ അനുമതി.
28. ഉത്തമ വിശ്വാസപൂർവ്വം എടുക്കുന്ന നടപടിയുടെ സംരക്ഷണം.
29. ബോർഡിന്റെ വിഘടനം.
30. ഈ ആക്ററിന് അധിപ്രഭാവമുണ്ടെന്ന്.
31. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.


3/56/V.

# എണ്ണ വ്യവസായ (വികസന) ആക്ററ്, 1974

## (1974-ലെ 47-ാം നമ്പർ ആക്ററ്)

എണ്ണ വ്യവസായ വികസനത്തിന് ഒരു ബോർഡ് സ്ഥാപിക്കുന്നതിനും, അതിനുവേണ്ടി അസംസ്കൃത എണ്ണയിൻമേലും പ്രാകൃതികവാതകത്തിൻമേലും എക്സൈസ് ഡ്യൂട്ടി ചുമത്തുന്നതിനും, അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്ററ്.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ ഇരുപത്തഞ്ചാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. (1) ഈ ആക്ററിന്, എണ്ണ വ്യവസായ (വികസന) ആക്ററ്, 1974 എന്ന് പേർ പറയാവുന്നതാണ്. ചുരുക്കപ്പേരും വ്യാപ്തിയും

(2) ഇത് ഇൻഡ്യ മുഴുവനും വ്യാപിക്കുന്നതാണ്.

2. ഈ ആക്ററിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവ്വചനം.

(ക) "സഹായ"ത്തിന്, 6-ാം വകുപ്പിൻകീഴിൽ നൽകുന്ന 'സഹായം' എന്നർത്ഥമാകുന്നതും ;

(ഖ) "ബോർഡി"ന്, 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കുന്ന എണ്ണ വ്യവസായ വികസന ബോർഡ് എന്നർത്ഥമാകുന്നതും ;

(ഗ) "ചെയർമാൻ" എന്നാൽ, ബോർഡിന്റെ ചെയർമാൻ എന്നർത്ഥമാകുന്നതും;

(ഘ) "കോടതിക്ക്", ഏത് ഹൈക്കോടതിയുടെയോ ജുഡീഷ്യൽ കമ്മീഷണർ കോടതിയുടെയോ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ, പ്രതിയോ എതിർകക്ഷിയോ അയാളുടെ ബിസിനസ് മുഴുവനുമോ അതിന്റെ ഗണ്യമായ ഭാഗമോ നടത്തിക്കൊണ്ടുപോകുന്നത്, അങ്ങനെയുള്ള ഹൈക്കോടതിയോ ജുഡീഷ്യൽ കമ്മീഷണർ കോടതിയോ എന്നും, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും, ഉചിതമെന്നു തോന്നുന്ന നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും ഉപാധികൾക്കും വിധേയമായും, കേന്ദ്ര ഗവൺമെന്റ്, അതതു സംഗതിപോലെ, ഹൈക്കോടതിക്കോ ജുഡീഷ്യൽ കമ്മീഷണർ കോടതിക്കോ കീഴിലുള്ള സിവിൽ അധികാരിതയുള്ള ഏതെങ്കിലും കോടതിയെ, ഈ ആക്ററ് നൽകുന്ന എല്ലാ അധികാരങ്ങളുമോ അവയിൽ ഏതെങ്കിലും പ്രയോഗിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള കോടതിയെന്നും അർത്ഥമാകുന്നതും ;

(ങ) "അസംസ്കൃത എണ്ണ" എന്നാൽ, സംസ്കരിക്കപ്പെടുകയോ മററു വിധത്തിൽ പ്രക്രിയയ്ക്ക് വിധേയമാക്കപ്പെടുകയോ ചെയ്യുന്നതിനുമുമ്പുള്ള പ്രകൃതികാവസ്ഥയിലുള്ളതും, എന്നാൽ വെള്ളവും അന്യപദാർത്ഥങ്ങളും നിഷ്കാസനം ചെയ്യപ്പെട്ടിട്ടുള്ളതുമായ പെട്രോളിയം എന്നർത്ഥമാകുന്നതും ;

(ച) "വളങ്ങൾ"ക്ക്, എണ്ണ ആധാരമായുള്ള ഏത് രാസയൗഗികങ്ങളാണോ, അവ കൃഷിയിൽ ഉപയോഗിക്കപ്പെടുമ്പോൾ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെയോ അതിലധികം എണ്ണത്തിന്റെയോ രൂപത്തിൽ ഏകലമോ ബഹുലമോ ആയ സസ്യപോഷകങ്ങൾ നൽകുന്നത്, അങ്ങനെയുള്ള എണ്ണ ആധാരമായുള്ള രാസയൗഗികങ്ങൾ എന്ന് അർത്ഥമാകുന്നതും ;

(ഛ) "അംഗ"ത്തിന്, ബോർഡിലെ അംഗം എന്നർത്ഥമാകുന്നതും, അതിൽ ചെയർമാൻ ഉൾപ്പെടുന്നതും ;

(ജ) "ഖനിജ എണ്ണ"യിൽ, പെട്രോളിയവും പ്രാകൃതിക വാതകവും ഉൾപ്പെടുന്നതും ;

(ഝ) "പ്രാകൃതികവാതക"ത്തിന്, മുഖ്യമായും, എണ്ണക്കിണറുകളിൽനിന്നോ വാതകക്കിണറുകളിൽനിന്നോ ലഭിക്കുന്ന ഹൈഡ്രോകാർബണുകൾ അടങ്ങിയതായി [illegible] വാതകം എന്നർത്ഥമാകുന്നതും ;

(ഞ) "എണ്ണ വ്യവസായ സ്ഥാപന"ത്തിന്, (ട) ഖണ്ഡത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നതോ, ഏർപ്പെടാതിരിക്കുന്നതോ ആയ ഏതെങ്കിലും കമ്പനിയോ ഏകാംഗയോഗമോ സഹകരണസംഘമോ എന്നർത്ഥമാകുന്നതും ;

(ട) "എണ്ണ വ്യവസായ"ത്തിൽ, ഖനിജ എണ്ണയ്ക്ക് വേണ്ടിയുള്ള പൂർവ്വേക്ഷണമോ തേടലോ ആയോ, അതിന്റെ ഉൽപ്പാദനമായോ ഉള്ള എല്ലാ പ്രവർത്തനങ്ങളും ഖനിജ-എണ്ണയുടെ സംസ്കരണവും പ്രക്രിയാവിധേയമാക്കലും, പരിവഹണവും സംഭരണവും, എടുത്തു പെരുമാറലും വിപണനവും എണ്ണ സംസ്കരണ സ്ഥലങ്ങളുടെ കീഴ് ഒഴുക്കിൽ നിന്നുള്ള എല്ലാ ഉൽപന്നങ്ങളുടെയും ഉൽപ്പാദനവും വിപണനവും, വളങ്ങളുടെയും, പെട്രോ-രാസദ്രവ്യങ്ങളുടെയും ഉൽപ്പാദനവും, ഇവയുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഉൾപ്പെടുന്നതും ;

(ഠ) "പെട്രോ-രാസദ്രവ്യങ്ങൾ" എന്നാൽ, അസംസ്കൃത എണ്ണയും പ്രാകൃതീകവാതകവും, സംഘനനോൽപ്പന്നങ്ങളും സംസ്കൃത പെട്രോളിയ അംശങ്ങളും, സംസ്കരണ ശാലാവാതകങ്ങളും ഉൾപ്പെടെ, പെട്രോളിയത്തിൽനിന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന രാസദ്രവ്യങ്ങളും, അവ 'കാർബണിക'മോ 'അകാർബണിക'മോ ആയാലും, എന്ന് അർത്ഥമാകുന്നതും ;

(ഡ) "പെട്രോളിയ ഉൽപ്പന്നം" എന്നാൽ, പെട്രോളിയത്തിൽനിന്നോ പ്രാകൃതികവാതകത്തിൽനിന്നോ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചരക്ക് എന്നർത്ഥമാകുന്നതും, അതിൽ സംസ്കരിക്കപ്പെട്ട അസംസ്കൃത പെട്രോളിയം ഭഞ്ജനം ചെയ്യുന്ന സ്റ്റോക്കിലെ അവശിഷ്ടോത്പന്നവും, അഭഞ്ജിത ഇന്ധന എണ്ണയും ; ഇന്ധന എണ്ണയും രാസ പരീക്ഷണങ്ങൾക്ക് വിധേയമാക്കിയ അസംസ്കൃത എണ്ണ-അവശിഷ്ടവും കേസിംഗ് ഹെഡ് ഗാസൊലീനും, പ്രാകൃത വാതക ഗ്യാസൊലീനും, നാഫ്ഥയും, വാററ്ഗ്യോസാലീനും, മണ്ണെണ്ണയും വിററുമെനും, ആസ്ഫാൾട്ടും താറും അവശിഷ്ട എണ്ണയും മിശ്രിതഗ്യാസൊലീനും, ലൂബ്രിക്കേററിംഗ് എണ്ണയും, എണ്ണയിൽനിന്നോ വാതകത്തിൽ നിന്നോ വ്യുത്പാദിതമായ ഒന്നോ അതിലധികമോ ദ്രാവക ഉത്പന്നങ്ങളുടെയും അല്ലെങ്കിൽ ദ്രാവക ഉപോത്പന്നങ്ങളുടെയും എണ്ണയുമായുള്ള സങ്കലനങ്ങളും അല്ലെങ്കിൽ മിശ്രങ്ങളും, എണ്ണയുടെ സംഘനനോത്പന്നങ്ങളിൽ നിന്ന് ഉത്പാദിതമായ രണ്ടോ അതിലധികമോ ദ്രാവക ഉത്പന്നങ്ങളുടെ അല്ലെങ്കിൽ ദ്രാവക ഉപോത്പന്നങ്ങളുടെ സങ്കലനങ്ങൾ അല്ലെങ്കിൽ മിശ്രങ്ങളും, ഇതിൽ ഇതിനുമുമ്പ് വിനിർദ്ദേശിച്ചിട്ടില്ലാത്ത വാതക ഹൈഡ്രോ കാർബണുകളും, അല്ലെങ്കിൽ പെട്രോളിയം ഹൈഡ്രോ കാർബണുകളും, ഉൾപ്പെടുന്നതും ;

(ഢ) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നതും,

ആകുന്നു.

## അദ്ധ്യായം II

## എണ്ണ വ്യവസായ വികസന ബോർഡ്

ബോർഡിന്റെ സ്ഥാപനവും സംവിധാനവും

3. ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് എണ്ണ വ്യവസായ വികസന ബോർഡ് എന്ന് പേർ പറയപ്പെടേണ്ട ഒരു ബോർഡ് കേന്ദ്രഗവൺമെൻറ് ഇതിലേക്ക്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽക്കുള്ള പ്രഭാവത്തോടെ സ്ഥാപിക്കപ്പെടുന്നതാകുന്നു.

(2) ബോർഡ് ശാശ്വതമായ പിൻതുടർച്ചാവകാശവും പൊതു മുദ്രയും ഉള്ളതും ജംഗമവസ്തുവും സ്ഥാവരവസ്തുവും ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും വ്യയനം ചെയ്യുകയും ചെയ്യാനും കാൺട്രാക്ററിൽ ഏർപ്പെടാനും ഉള്ള അധികാരത്തോടുകൂടിയതുമായ മുൻപറഞ്ഞ നാമത്തിലുള്ള ഒരു ഏകാംഗീകൃതനികായമായിരിക്കുന്നതും, അത് വ്യവഹരിക്കുകയും, അതിനെതിരായി വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യുന്നത് മുൻപറഞ്ഞ നാമത്തിലായിരിക്കേണ്ടതുമാകുന്നു.

(3) ബോർഡ്, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കുന്നതാണ്, അതായത്:—

(ക) കേന്ദ്ര ഗവൺമെൻറിന്റെ പെട്രോളിയവും രാസവസ്തുക്കളും കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തേയോ മന്ത്രാലയങ്ങളേയോ പ്രതിനിധാനം ചെയ്യുന്നതിന്, കേന്ദ്ര ഗവൺമെൻറ് നിയമിക്കേണ്ട മൂന്നിൽ കവിയാതെയുള്ള അംഗങ്ങൾ ;

(ഖ) കേന്ദ്ര ഗവൺമെൻറിന്റെ ധനകാര്യം കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തെ പ്രതിനിധാനം ചെയ്യുന്നതിന് കേന്ദ്ര ഗവൺമെൻറ് നിയമിക്കേണ്ട രണ്ട് അംഗങ്ങൾ ;

(ഗ) കേന്ദ്ര ഗവൺമെൻറിന്റെ ഉടമയിലിരിക്കുകയോ, അത് നിയന്ത്രിക്കുകയോ ചെയ്യുന്നതും 2-ാം വകുപ്പ് (ട) ഖണ്ഡത്തിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുമായ ഏകാംഗ യോഗങ്ങളായ ഏകാംഗയോഗങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന്, കേന്ദ്ര ഗവൺമെൻറ് നിയമിക്കേണ്ട അഞ്ചിൽ കവിയാതെയുള്ള അംഗങ്ങൾ ;

(ഘ) ഏത് രണ്ടംഗങ്ങളിലാണോ, ഒരാളെ കേന്ദ്രഗവൺമെൻറ് അതിൻെറ അഭിപ്രായത്തിൽ, എണ്ണവ്യവസായത്തിൽ പ്രത്യേക പരിജ്ഞാനമോ പരിചയമോ ഉള്ളവരായ ആളുകളിൽനിന്ന് നിയമിക്കുകയും മറേറ ആളെ, ആ ഗവൺമെൻറ് എണ്ണ വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളെ പ്രതിനിധാനം ചെയ്യുന്നതിന് നിയമിക്കുകയും ചെയ്യേണ്ടത്, അങ്ങനെയുള്ള രണ്ടംഗങ്ങൾ;

(ങ) ബോർഡിൻെറ സെക്രട്ടറി, എക്സ് അഫിഷ്യോ

(4) ബോർഡിൻെറ ചെയർമാനെ കേന്ദ്രഗവൺമെൻറ് നിയമിക്കേണ്ടതാകുന്നു.

(5) (ഉദ്യോഗത്തിൻെറ ബലത്തിൽ നിയമിക്കപ്പെടുന്ന അംഗങ്ങളല്ലാത്ത) ബോർഡ് അംഗങ്ങളുടെ ഉദ്യോഗകാലാവധിയും, അംഗങ്ങളുടെ ഇടയിലുള്ള ഒഴിവുകൾ പൂരിപ്പിക്കുന്ന രീതിയും, തങ്ങളുടെ ചുമതലകൾ നിറവേററുന്നതിൽ അംഗങ്ങൾ അനുവർത്തിക്കേണ്ട നടപടിക്രമവും, നിർണ്ണയിക്കപ്പെടുന്നതുപോലെയുള്ളവ ആയിരിക്കുന്നതാണ്.

(6) ബോർഡിനു നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, ബോർഡിൻെറ ഏതെങ്കിലും അധികാരങ്ങൾ പ്രയോഗിക്കുകയോ കർത്തവ്യം നിറവേററുകയോ ചെയ്യുന്നതിനോ, അല്ലെങ്കിൽ ബോർഡ് റഫർ ചെയ്യുന്ന ഏതെങ്കിലും വിഷയത്തെക്കുറിച്ച് അന്വേഷണ വിചാരണ ചെയ്യുകയും, റിപ്പോർട്ട് ചെയ്യുകയും ഉപദേശിക്കുകയും ചെയ്യുന്നതിനോ സ്ററാൻഡിംഗ് കമ്മിററികളോ, തദർത്ഥ കമ്മിററികളോ ഏർപ്പെടുത്താവുന്നതാണ്:

എന്നാൽ സ്ററാൻഡിംഗ് കമ്മിററി അനന്യമായി ബോർഡ് അംഗങ്ങൾ മാത്രം അടങ്ങിയതായിരിക്കേണ്ടതാകുന്നു.

(7) ബോർഡിൻേറയോ, (6)-ാം ഉപവകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന ഏതെങ്കിലും കമ്മിററിയുടേയോ യാതൊരു കൃത്യവും, അല്ലെങ്കിൽ നടപടിയും,—

(ക) ബോർഡിലോ അങ്ങനെയുള്ള കമ്മിററിയിലോ ഉള്ള ഏതെങ്കിലും ഒഴിവോ, അത് ഏർപ്പെടുത്തിയ സംവിധാനത്തിലുള്ള ഏതെങ്കിലും ന്യൂനതയോ; അല്ലെങ്കിൽ

(ഖ) ബോർഡിലേയോ അങ്ങനെയുള്ള കമ്മിററിയിലേയോ അംഗമായി പ്രവർത്തിക്കുന്ന ഒരാളുടെ നിയമനത്തിലുള്ള ഏതെങ്കിലും ന്യൂനതയോ; അല്ലെങ്കിൽ

(ഗ) ബോർഡിൻേറയോ അങ്ങനെയുള്ള കമ്മിററിയുടേയോ നടപടിക്രമത്തിലുള്ളതും, കേസിൻെറ ഗുണാഗുണങ്ങളെ ബാധിക്കാത്തതുമായ ഏതെങ്കിലും ക്രമക്കേടോ,

കാരണമായിമാത്രം അസാധുവാക്കപ്പെടുന്നതല്ല.

അംഗങ്ങളുടെ സേവന വ്യവസ്ഥകൾ.

4. ബോർഡിലെ മുഴുവൻ സമയം അംഗമായി നിയമിക്കപ്പെടുന്ന ഏതൊരാൾക്കും കേന്ദ്രഗവൺമെൻറ് അപ്പോഴപ്പോൾ നിജപ്പെടുത്തുന്ന ശമ്പളത്തിനും ബത്തകൾക്കും, അവധിയും പെൻഷനും പ്രാവിഡൻറ് ഫണ്ടും മററു വിഷയങ്ങളും സംബന്ധിച്ച സേവനവ്യവസ്ഥകൾക്കും അവകാശമുണ്ടായിരിക്കുന്നതും, ബോർഡിൻെറമററ് അംഗങ്ങൾക്കും 3-ാം വകുപ്പ്, (6)-ാം ഉപവകുപ്പിൻകീഴിൽഏർപ്പെടുത്തുന്ന ഏതെങ്കിലും തദർത്ഥ കമ്മിററിയിലെ ബോർഡ് അംഗങ്ങളല്ലാത്ത അംഗങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ബത്തകൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്കും, നിർണ്ണയിക്കപ്പെടുന്ന മററു സേവനവ്യവസ്ഥകൾക്കും അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

ബോർഡിൻെറ സെക്രട്ടറിയും ഉദ്യോഗസ്ഥൻമാരും, ഉപദേഷ്ടാക്കളും ജോലിക്കാരും.

5. (1) കേന്ദ്രഗവൺമെൻറ്, ബോർഡിന് ഒരു സെക്രട്ടറിയെ നിയമിക്കേണ്ടതാകുന്നു.

(2) ഇതിലേക്ക് ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്ക് വിധേയമായി, സെക്രട്ടറി, നിർണ്ണയിക്കപ്പെടുന്നതോ ബോർഡ്, സെക്രട്ടറിക്ക് പ്രത്യായോജനം ചെയ്യുന്നതോ ആയ അധികാരങ്ങൾ പ്രയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

(3) സെക്രട്ടറിക്ക്, കേന്ദ്രഗവൺമെൻറ് അപ്പോഴപ്പോൾ നിജപ്പെടുത്തുന്ന ശമ്പളത്തിനും, ബത്തകൾക്കും, അവധിയും പെൻഷനും പ്രാവിഡൻറ് ഫണ്ടും മററു വിഷയങ്ങളും സംബന്ധിച്ച സേവനവ്യവസ്ഥകൾക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, ബോർഡിന് അതിൻെറ ചുമതലകളുടെ നിർവ്വഹണത്തിന് ആവശ്യകമായ ഉപദേഷ്ടാക്കളെ ബോർഡ് അപ്പോഴപ്പോൾ നിശ്ചയിക്കുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും നിയമിക്കാവുന്നതാണ്.

(5) നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, ബോർഡിന്, അതിൻെറ ചുമതലകളുടെ നിർവ്വഹണത്തിന് ആവശ്യമായ മററ് ഉദ്യോഗസ്ഥൻമാരേയും ജോലിക്കാരേയും നിയമിക്കുകയും അവർക്ക് ബോർഡ് അപ്പോഴപ്പോൾ നിർണ്ണയിക്കുന്ന ശമ്പളങ്ങളും ബത്തകളും കൊടുക്കുകയും ചെയ്യാവുന്നതാണ്.

ബോർഡിന്റെ ചുമതലകൾ.

6. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും, അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി, ബോർഡ് യുക്തമെന്ന് തോന്നുന്ന രീതിയിലും യുക്തമെന്ന് തോന്നുന്നിടത്തോളവും, യുക്തമെന്ന് തോന്നുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും, അതിന്റെ അഭിപ്രായത്തിൽ എണ്ണ വ്യവസായ വികസനത്തിനുതകുന്ന എല്ലാ നടപടികളുടേയും പ്രോൽസാഹനത്തിന് ധനപരവും മററു വിധത്തിലുള്ളതുമായ സഹായം നൽകേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ, ആ ഉപവകുപ്പിൻകീഴിൽ ബോർഡിന്,—

(ക) ഏതെങ്കിലും എണ്ണ വ്യവസായ സ്ഥാപനത്തിന്നോ, അല്ലെങ്കിൽ 2-ാം വകുപ്പ് (ട) ഖണ്ഡത്തിൽ പരാമർശിച്ച ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെടാനിരിക്കുന്നതോ ആയ ഏതെങ്കിലും ആൾക്കോ ഗ്രാൻറുകൾ നൽകുകയോ കടങ്ങൾ നൽകുകയോ ചെയ്യുന്നതുവഴിയും ;

1934-ലെ 2

(ഖ) ഏതെങ്കിലും എണ്ണ വ്യവസായ സ്ഥാപനമോ മററ് ആളുകളോ എടുക്കുന്ന ഇരുപത്തഞ്ച് വർഷത്തിൽ കവിയാത്ത കാലാവധിക്കുള്ളിൽ തിരിയെ കൊടുക്കേണ്ടതും, കമ്പോളത്തിൽ ഇടപാടിന് വയ്ക്കുന്നതും ആയ കടങ്ങളോ, അല്ലെങ്കിൽ ഒരു എണ്ണ വ്യവസായസ്ഥാപനമോ മററ് ആളോ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ആക്റ്റ് 1934-ൽ നിർവചിച്ച പ്രകാരമുള്ള ഷെഡ്യൂൾഡ് ബാങ്കോ, സ്റ്റേററ് സഹകരണ ബാങ്കോ ആയ ഏതെങ്കിലും ബാങ്കിൽനിന്ന് എടുക്കുന്ന കടങ്ങളോ, കരാർ ചെയ്യപ്പെടുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും ഗാരൻറി ചെയ്യുന്നതുവഴിയും ;

(ഗ) ഏതെങ്കിലും എണ്ണ വ്യവസായ സ്ഥാപനത്തിൽനിന്നോ മററ് ആളിൽനിന്നോ, അങ്ങനെയുള്ള സ്ഥാപനമോ മററ് ആളോ ഇൻഡ്യക്ക് വെളിയിൽ നിന്ന് ഉൽപ്പാദക സാമാനങ്ങളുടെ ഇറക്കുമതി ചെയ്യുന്നതു സംബന്ധിച്ചോ അല്ലെങ്കിൽ, ഇൻഡ്യയ്ക്കുള്ളിൽ ഉൽപ്പാദക സാമാനങ്ങൾ വിലയ്ക്കു വാങ്ങുന്നത് സംബന്ധിച്ചോ കിട്ടാനുള്ള നീട്ടിവച്ച പണം നൽകൽ, കരാർ ചെയ്യപ്പെടുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും ഗാരൻറി ചെയ്യുന്നതുവഴിയും ;

(ഘ) ഏതെങ്കിലും എണ്ണ വ്യവസായ സ്ഥാപനമോ, മററ് ആളോ ഇൻഡ്യയ്ക്കുവെളിയിലുള്ള ഏതെങ്കിലും രാജ്യത്തിലെ ഏതെങ്കിലും ബാങ്കിൽ നിന്നോ ധനകാര്യസ്ഥാപനത്തിൽനിന്നോ ധനകാര്യസ്ഥാപനവുമായോ വിദേശ നാണയത്തിൽ എടുത്ത കടങ്ങളോ അവയുമായി ചെയ്ത വായ്പ ഏർപ്പാടുകളോ കരാർ ചെയ്യപ്പെടുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും ഗാരൻറി ചെയ്യുന്നതുവഴിയും :

എന്നാൽ, അങ്ങനെയുള്ള യാതൊരു ഗാരൻറിയും കേന്ദ്ര ഗവൺമെൻറിന്റെ മുൻഅംഗീകാരം കൂടാതെ നൽകാൻ പാടുള്ളതല്ല ;

(ങ) ഏതെങ്കിലും എണ്ണ വ്യവസായസ്ഥാപനം, സ്റേറാക്കോ ഓഹരികളോ ബാണ്ടുകളോ ഡിബഞ്ചറുകളോ ഇറക്കുന്നത് അണ്ടർ റൈററ് ചെയ്യുകയും, ആ സ്ഥാപനത്തോടുള്ള ബോർഡിന്റെ കടപ്പാടുകൾ നിറവേററുന്നതിനായി, ബോർഡിന് ഏറെറടുക്കേണ്ടി വരുന്ന ഏതെങ്കിലും സ്ററാക്കോ ഓഹരികളോ ബാണ്ടുകളോ ഡിബഞ്ചറുകളോ, അതിന്റെ ആസ്തികളുടെ ഭാഗമായി വച്ചു പോരുകയും ചെയ്യുന്നതുവഴിയും ;

(ച) കേന്ദ്ര ഗവൺമെൻറോ കടലിനപ്പുറത്തുള്ള ഏതെങ്കിലും ധനകാര്യ സംഘടനയോ ക്രെഡിററ് ഏജൻസിയോ നൽകുന്നകടങ്ങളോമുൻകൂറുകളോ, എടുക്കുന്ന ഡിബഞ്ചറുകളോ സംബന്ധിച്ച് ഏതെങ്കിലും എണ്ണ വ്യവസായസ്ഥാപനവുമായുള്ള ഏതെങ്കിലും ബിസിനസിന്റെ ഇടപാടിൽ കേന്ദ്ര ഗവൺമെൻറിന്നോ, അതിന്റെ അംഗീകാരത്തോടുകൂടി അങ്ങനെയുള്ള സംഘടനയ്ക്കോ ക്രെഡിററ് ഏജൻസിക്കോ വേണ്ടി ഏജൻറായി പ്രവർത്തിക്കുന്നതുവഴിയും ;

(ഛ) ഏതെങ്കിലും എണ്ണ വ്യവസായ സ്ഥാപനത്തിന്റെ സ്ററാക്കോ ഓഹരികളോ എടുക്കുന്നതുവഴിയും ;

(ജ) ഏതെങ്കിലും എണ്ണ വ്യവസായ സ്ഥാപനത്തിന്റെ, എടുക്കുന്ന തീയതി മുതൽ ഇരുപത്തഞ്ച് വർഷത്തിൽ കവിയാത്ത കാലാവധിക്കുള്ളിൽ തിരിയെ നൽകേണ്ട ഡിബഞ്ചറുകൾ എടുക്കുന്നതുവഴിയും :

എന്നാൽ, ഈ ഖണ്ഡത്തിലടങ്ങിയ യാതൊന്നും, ഏതെങ്കിലും എണ്ണ വ്യവസായ സ്ഥാപനത്തിന്റെ ഏത് ഡിബഞ്ചറുകളുടേയാണോ, അവയിൻമേൽ നൽകാൻ ബാക്കിയുള്ള തുകകൾ, ഡിബഞ്ചറുകളുടെ പണം തിരിയെ നൽകേണ്ട കാലാവധിക്കുള്ളിൽ ബോർഡിന്, ഐച്ഛികമായി ആ സ്ഥാപനത്തിന്റെ സ്ററാക്കോ ഓഹരികളോ ആയി മാററാവുന്നത്, അങ്ങനെയുള്ള ഡിബഞ്ചറുകൾ എടുക്കുന്നതിൽനിന്ന് ബോർഡിനെ തടയുന്നതായി കരുതപ്പെടുന്നതല്ല.

വിശദീകരണം.—ഈ ഖണ്ഡത്തിൽ, 'അവയിൻമേൽ നൽകാൻ ബാക്കിയുള്ള തുകകൾ, എന്ന പദത്തിന്, ഏതെങ്കിലും കടമോ മുൻകൂറോ സംബന്ധിച്ച ഉപയോഗിക്കപ്പെടുമ്പോൾ, അങ്ങനെയുള്ള കടത്തിൻമേലോ മുൻകൂറിൻമേലോ തുകകൾ സ്ററാക്കായോ ഓഹരികളായോ മാററാൻ ഉദ്ദേശിക്കുന്ന സമയത്ത് മുതലെന്നും നൽകേണ്ട മുതലും പലിശയും മററു ചാർജുകളും എന്ന് അർത്ഥമാകുന്നു.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ, ഏത് നടപടികളുടെ പ്രോൽസാഹനത്തിനാലോ ആ ഉപവകുപ്പിൻ കീഴിൽ ബോർഡിന് സഹായം നൽകാവുന്നത്, ആ നടപടികളിൽ,—

(ക) ഇൻഡ്യയ്ക്കുള്ളിലോ (അതിന്റെ കോണ്ടിനെന്റൽ ഷെൽഫ് ഉൾപ്പെടെ) ഇൻഡ്യയ്ക്ക് വെളിയിലോ ഖനിജ എണ്ണയ്ക്കുവേണ്ടിയുള്ള പൂർവ്വേക്ഷണവും തേടലും ;

(ഖ) അസംസ്കൃത എണ്ണയുടെ ഉൽപ്പാദനത്തിനും എടുത്തു പെരുമാറലിനും സ്റ്റോറേജിനും പരിവഹണത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തൽ;

(ഗ) പെട്രോളിയത്തിന്റേയും പെട്രോളിയം ഉൽപ്പന്നങ്ങളുടേയും സംസ്ക്കരണവും വിപണനവും ;

(ഘ) പെട്രോരാസദ്രവ്യങ്ങളുടേയും വളങ്ങളുടേയും നിർമ്മാണവും വിപണനവും ;

(ങ) എണ്ണ വ്യവസായത്തിന് നേരിട്ടോ അല്ലാതെയോ ഉപയോഗപ്രദമാകുന്ന ശാസ്ത്രീയ-സാങ്കേതിക-സാമ്പത്തിക ഗവേഷണം;

(ച) എണ്ണ വ്യവസായത്തിന്റെ ഏതെങ്കിലും രംഗത്തുള്ള പരീക്ഷണാർത്ഥ പഠനങ്ങളും അല്ലെങ്കിൽ മാർഗ്ഗദർശനപഠനങ്ങളും ;

(ഛ) എണ്ണവ്യവസായത്തിന്റെ ഏതെങ്കിലും രംഗത്ത് ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെടാനിരിക്കുന്നതോ ആയ ജീവനക്കാരുടെ പരിശീലനം, അത് ഇൻഡ്യയ്ക്കുള്ളിലോ വെളിയിലോ ഉള്ളതായാലും, എന്നിവയ്ക്കുവേണ്ടിയുള്ളതോ എന്നിവയുടെ രൂപത്തിലുള്ളതോ ആയ നടപടികളും നിർണ്ണയിക്കപ്പെടുന്ന മററു നോട്ടീസുകളും ഉൾക്കൊള്ളുന്നതാണ്.

(4) ബോർഡിന്, അതിന്റെ ചുമതലകളുടെ നിർവഹണത്തിൽ, അത് നല്കുന്ന ഏതെങ്കിലും സേവനങ്ങൾക്ക്, ഉചിതമെന്ന് തോന്നുന്ന, ഫീസ് ചുമത്തുകയോ, കമ്മിഷൻ സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്.

(5) ബോർഡിന്, ഏതെങ്കിലും എണ്ണവ്യവസായ സ്ഥാപനത്തിനോ മററ് ആൾക്കോ അതു നല്കിയ കടങ്ങളേയോ മുൻകൂർകളേയോ സംബന്ധിക്കുന്ന ഏതെങ്കിലും പ്രമാണം പ്രതിഫലത്തിൻമേൽ കൈമാററം ചെയ്യാവുന്നതാണ്.

(6) ബോർഡിന്, ഈ ആക്ടിൻകീഴിലെ അതിന്റെ ചുമതലകൾ നിറവേററുന്നതിന് ആനുഷംഗികമായോ നിറവേററുന്നതിന്റെ അനന്തരഫലമായുള്ളതോ ആയ എല്ലാ കാര്യങ്ങളും ചെയ്യാവുന്നതാണ്.

സഹായത്തിനുള്ള തത്വങ്ങളും ഉപാധികളും.

7. (1) ഏതെങ്കിലും എണ്ണ വ്യവസായ സ്ഥാപനത്തിനോ മററു ആൾക്കോ ഏതെങ്കിലും സഹായം നല്കുന്നതിനുമുമ്പ്, ബോർഡ് കേന്ദ്ര ഗവൺമെന്റ് ഇതിലേക്ക് പുറപ്പെടുവിക്കുന്ന നിദേശങ്ങൾ പരിഗണിക്കുകയും,—

(ക) അങ്ങനെയുള്ള സഹായം അങ്ങനെയുള്ള നിദേശങ്ങൾക്ക് വിപരീതമായതല്ലെന്നും ;

(ഖ) ഒരു മുൻഗണനയെന്ന നിലയിൽ അങ്ങനെയുള്ള സഹായം എണ്ണ വ്യവസായ വികസനത്തിന്റെ താത്പര്യങ്ങൾക്ക് ആവശ്യകമാണെന്നും,

സ്വയം ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) ഏതെങ്കിലും എണ്ണവ്യവസായ സ്ഥാപനത്തിന്നോ മററ് ആൾക്കോ ഏതെങ്കിലും സഹായം നല്കുന്നതിൽ ബോർഡ്, നിർണ്ണയിക്കപ്പെടുന്ന ഉപാധികൾ ചുമത്തേണ്ടതും, കൂടാതെ ബോർഡിന്, സ്വതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, അതു നല്കുന്ന സഹായം അങ്ങനെയുള്ള സ്ഥാപനമോ മററ് ആളോ ഏററവും നന്നായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, ആവശ്യകമോ സമീചനമോ ആണെന്ന് തോന്നുന്ന കൂടുതൽ ഉപാധികൾ ചുമത്താവുന്നതും ആണ്.

കരാർ ചെയ്യപ്പെട്ട, കാലാവധിക്ക് മുമ്പ്, തിരിയെ നല്കാൻ ആവശ്യപ്പെടാനുള്ള അധികാരം.

8. ഏതെങ്കിലും കരാറിൽ വിപരീതമായി എന്തുതന്നെയുണ്ടായിരുന്നാലും, ബോർഡിന്, അതു സഹായം നല്കിയിട്ടുള്ള ഏതെങ്കിലും എണ്ണവ്യവസായ സ്ഥാപനത്തോടോ മററു ആളോടോ,—

(ക) അങ്ങനെയുള്ള സഹായത്തിനുള്ള അപേക്ഷയിൽ, സാരവത്തായ ഏതെങ്കിലും വിവരങ്ങളിൽ വ്യാജമായതോ തെററിദ്ധരിപ്പിക്കുന്നതോ ആയ വിവരം നല്കിയെന്ന് ബോർഡിന് തോന്നുന്നുവെങ്കിലോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള സഹായത്തിന്റെ കാര്യത്തിൽ, ആ സ്ഥാപനമോ മററ് ആളോ ബോർഡുമായുള്ള അതിന്റേയോ അയാളുടേയോ കാൺട്രാക്ടിന്റെ വ്യവസ്ഥകൾ അനുസരിച്ചു പ്രവർത്തിക്കാതിരുന്നിട്ടുണ്ടെങ്കിലോ; അല്ലെങ്കിൽ

(ഗ) ആ സ്ഥാപനത്തിന്നോ മററു ആൾക്കോ, അതിന്റേയോ അയാളുടേയോ കടങ്ങൾ കൊടുത്തു തീർക്കാൻ കഴിവില്ലെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥാപനത്തേയോ ആളേയോ സംബന്ധിച്ച് ലിക്വിഡേഷൻ നടപടികളോ നിർദ്ധനത്വ നടപടികളോ ആരംഭിച്ചേക്കാമെന്നോ ന്യായമായ ആശങ്കയുണ്ടെങ്കിലോ ; അല്ലെങ്കിൽ

(ഘ) ബോർഡിന്, സാധനമായി പണയംവച്ചിട്ടുള്ളതോ പണയപ്പെടുത്തിയിട്ടുള്ളതോ ചൂണ്ടിപ്പണയംവച്ചിട്ടുള്ളതോ തീറു നല്കിയിട്ടുള്ളതോ ആയ വസ്തു, ആ സ്ഥാപനമോ ആളോ ബോർഡിന് ബോദ്ധ്യപ്പെടുന്ന വിധം ഇൻഷ്വർ ചെയ്തിട്ടില്ലെങ്കിലോ, ഇൻഷ്വർ ചെയ്തു പോരുന്നില്ലെങ്കിലോ; അല്ലെങ്കിൽ ബോർഡിന്റെ അഭിപ്രായത്തിൽ ബോർഡിന് ബോദ്ധ്യപ്പെടുന്ന വിധം കൂടുതൽ ഈട് നല്കേണ്ടതായിരിക്കത്തക്കവിധം ആ വസ്തുവിന് അത്രത്തോളം മൂല്യശോഷണം ഉണ്ടായിരിക്കുകയും അങ്ങനെയുള്ള ഈട് നല്കാതിരിക്കുകയും ചെയ്യുന്നെങ്കിലോ ; അല്ലെങ്കിൽ

(ങ) ബോർഡിന്റെ അനുമതി കൂടാതെ, ഏതെങ്കിലും മെഷീനറിയോ പ്ലാന്റോ മററു സജ്ജീകരണമോ (അത് ഈടിന്റെ ഭാഗമായിരുന്നാലും അല്ലെങ്കിലും) പകരം വയ്ക്കാതെ സ്ഥാപനത്തിന്റേയോ മററു ആളുടേയോ കെട്ടിട പരിസരത്തുനിന്ന് നീക്കം ചെയ്യുന്നുവെങ്കിലോ ; അല്ലെങ്കിൽ

(ച) ബോർഡിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഏതെങ്കിലും കാരണത്താൽ ആവശ്യകമാണെങ്കിലോ, ബോർഡിനോടുള്ള ആ സ്ഥാപനത്തിന്റേയോ ആളുടേയോ ബാദ്ധ്യതകൾ ഉടൻതന്നെ പൂർണ്ണമായും തീർക്കാൻ ലിഖിതമായ നോട്ടീസ്‌വഴി ആവശ്യപ്പെടാവുന്നതാണ്.

ബോർഡ് തേർച്ചകൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.

9\. (1) ഒരു എണ്ണവ്യവസായസ്ഥാപനമോ മററു ആളോ ഏതെങ്കിലും കരാർ ലംഘിച്ചുകൊണ്ട് ഏതെങ്കിലും കടമോ മുൻകൂറോ അതിന്റെ ഏതെങ്കിലും തവണയോ തിരിയെ നല്കുന്നതിലോ ; ബോർഡ് നല്കിയ മറേറതെങ്കിലും സഹായം സംബന്ധിച്ചുള്ള ആ സ്ഥാപനത്തിന്റേയോ അയാളുടേയോ കടപ്പാടുകൾ തീർക്കുന്നതിലോ വീഴ്ച വരുത്തുകയോ, അല്ലെങ്കിൽ മററു വിധത്തിൽ ബോർഡുമായുള്ള കരാറിലെ വ്യവസ്ഥകൾ അനുസരിച്ചു പ്രവർത്തിക്കാതിരിക്കുകയോ ചെയ്യുന്നിടത്തോ, അല്ലെങ്കിൽ ബോർഡ് ഒരു എണ്ണ വ്യവസായ സ്ഥാപനത്തോടോ മററ് ആളോടോ ഏതെങ്കിലും കടമോ മുൻകൂറോ ഉടനെ തിരിയെ നല്കാൻ ആവശ്യപ്പെടുകയും ആ സ്ഥാപനമോ മററാളോ അങ്ങനെ തിരിയെ നല്കാതിരിക്കുകയും ചെയ്യുന്നിടത്തോ, വസ്തു കൈമാററ ആക്ററ്, 1882-ലെ 69-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം, ബോർഡ് ഇതിലേക്ക് സാമാന്യമോ പ്രത്യേകമോ ആയി പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥൻ താഴെപ്പറയുന്ന നിവൃത്തികൾ ഒന്നിനോ അതിലധികം എണ്ണത്തിനോ കോടതിയോട് അപേക്ഷിക്കാവുന്നതാണ്, അതായത്;—

(ക) കടത്തിനോ മുൻകൂറിന്നോ ഈടായി, ബോർഡിന് സാധനമായി പണയംവച്ചതോ പണയപ്പെടുത്തിയതോ, ചൂണ്ടിപ്പണയം വച്ചതോ, തീറു നല്കിയതോ ആയ വസ്തുവിന്റെ വില്പനയ്ക്കുള്ള ഉത്തരവ് ; അല്ലെങ്കിൽ

(ഖ) ബോർഡിന്റെ അനുമതികൂടാതെ, എണ്ണവ്യവസായ സ്ഥാപനത്തിന്റേയോ മററ് ആളുടേയോ കെട്ടിട പരിസരത്തുനിന്ന് മെഷീനറിയോ സജ്ജീകരണമോ നീക്കംചെയ്യപ്പെടുമെന്നുള്ള ആശങ്കയുള്ളിടത്ത്, ഒരു ഇടക്കാല ഇൻജംങ്ഷൻ ; അല്ലെങ്കിൽ

(ഗ) ഒരു എണ്ണവ്യവസായസ്ഥാപനത്തിന്റെ സംഗതിയിൽ മാനേജ്മെൻറ് ബോർഡിന് കൈമാററം ചെയ്യൽ.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ അപേക്ഷയിൽ എണ്ണവ്യവസായ സ്ഥാപനത്തിന്റേയോ മററ് ആളുടേയോ ബോർഡിനോടുള്ള ബാദ്ധ്യതയുടെ പ്രകൃതവും വ്യാപ്തിയും, ഏത് കാരണത്തിൻമേലാണ് അപേക്ഷകൊടുക്കുന്നതെന്നുള്ളതും നിർണ്ണയിക്കപ്പെടുന്ന മററു വിവരങ്ങളും പ്രസ്താവിക്കേണ്ടതാകുന്നു.

(3) അപേക്ഷ, (1)-ാം ഉപവകുപ്പു (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ പറയുന്ന നിവൃത്തിക്ക് ഉള്ളതായിരിക്കുമ്പോൾ, ഏതെങ്കിലും മെഷീനറിയോ സജ്ജീകരണമോ കൈമാററം ചെയ്യുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നതിൽ നിന്ന് ആ വ്യവസായ സ്ഥാപനത്തേയോ മററാളേയോ തടയുന്ന ഒരു ഇടക്കാല ഇൻജംങ്ഷനോടുകൂടിയോ കൂടാതേയോ, കോടതി, ആ എണ്ണ വ്യവസായ സ്ഥാപനത്തിന്റേയോ മററാളുടേയോ വസ്തുവോ അല്ലെങ്കിൽ അതിന്റെ എത്രത്തോളം വിററാലാണോ, ബോർഡിനു ആ സ്ഥാപനമോ മററാളോ കൊടുക്കാൻ ബാക്കിയുള്ള ബാദ്ധ്യതയുടെ മൂല്യത്തിനു തുല്യമായ തുകയും, കൂടാതെ ഈ വകുപ്പിൻ കീഴിൽ എടുക്കുന്ന നടപടികളുടെ ചെലവും കോടതിയുടെ മതിപ്പുപ്രകാരം ഈടാവുക, അത്രത്തോളമോ ജപ്തിചെയ്യുന്ന ഒരു ഇടക്കാല ഉത്തരവ് പാസ്സാക്കേണ്ടതാകുന്നു.

(4) അപേക്ഷ, (1)-ാം ഉപവകുപ്പ്, (ഗ) ഖണ്ഡത്തിൽ പറയുന്ന നിവൃത്തിക്കുള്ളതായിരിക്കുന്നിടത്ത്, കോടതി, ആ എണ്ണ വ്യവസായ സ്ഥാപനത്തെ അതിന്റെ മെഷീനറിയും സജ്ജീകരണവും കൈമാററം ചെയ്യുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നതിൽനിന്ന് തടയുന്ന ഒരു ഇടക്കാല ഇൻജംങ്ഷൻ നല്കുകയും, ആ സ്ഥാപനത്തിന്റെ മാനേജ്മെൻറ് ബോർഡിന് കൈമാററം ചെയ്യാതിരിക്കാൻ നോട്ടീസിൽ വിനിർദ്ദേശിക്കുന്ന തീയതി കാരണം കാണിക്കാൻ സ്ഥാപനത്തോട് ആവശ്യപ്പെടുന്ന ഒരു നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്യേണ്ടതാകുന്നു.

(5) (3)-ാം ഉപവകുപ്പിൻകീഴിലോ (4)-ാം ഉപവകുപ്പിൻകീഴിലോ ഏതെങ്കിലും ഉത്തരവ് പാസ്സാക്കുന്നതിനുമുമ്പ്, കോടതിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അപേക്ഷ ബോധിപ്പിക്കുന്ന ഉദ്യോഗസ്ഥനെ വിസ്തരിക്കാവുന്നതാണ്.

(6) കോടതി (3)-ാം ഉപവകുപ്പിൻകീഴിൽ, അത് ഒരു ഉത്തരവ് പാസ്സാക്കുന്ന അതേസമയം, ആ എണ്ണവ്യവസായ സ്ഥാപനത്തിന്നോ മററാർക്കോ, ഇടക്കാല ജപ്തിയുത്തരവ് നിരുപാധികമാക്കാതിരിക്കാനോ, ഇൻജംങ്ഷൻ സ്ഥിരപ്പെടുത്താതിരിക്കാനോ നോട്ടീസിൽ വിനിർദ്ദേശിക്കുന്ന തീയതി കാരണം കാണിക്കാൻ സ്ഥാപനത്തോടോ മററാളോടോ ആവശ്യപ്പെടുന്നതും, ഉത്തരവിൻേറയും അപേക്ഷയുടേയും കോടതി രേഖപ്പെടുത്തിയിട്ടുള്ള തെളിവ്, വല്ലതുമുണ്ടെങ്കിൽ, അതിൻേറയും പകർപ്പുകൾ സഹിതമുള്ളതും ആയ ഒരു നോട്ടീസ് നല്കേണ്ടതാകുന്നു.

(7) (4)-ം (6)-ം ഉപവകുപ്പുകൾക്ക് കീഴിലെ, നോട്ടീസിൽ വിനിർദ്ദേശിക്കുന്ന തീയതിക്കുമുമ്പ് കാരണം കാണിക്കുന്നില്ലെങ്കിൽ, കോടതി, ഇടക്കാല ഉത്തരവ് ഉടനടി നിരുപാധികമാക്കുകയും, ജപ്തിചെയ്ത വസ്തുവിൻെറ വിൽപനയ്ക്ക് നിദേശിക്കുകയോ ആ എണ്ണവ്യവസായ സ്ഥാപനത്തിൻെറ മാനേജ്മെൻറ് ബോർഡിന് കൈമാററം ചെയ്യുകയോ, ഇൻജംങ്ഷൻ സ്ഥിരപ്പെടുത്തുകയോ ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

(8) കാരണം കാണിക്കുന്നുവെങ്കിൽ, കോടതി ബോർഡിൻെറ അവകാശവാദത്തെക്കുറിച്ചു അന്വേഷണം നടത്തുവാൻ നടപടി തുടരേണ്ടതും, അങ്ങനെയുള്ള നടപടികൾക്ക് സിവിൽ നടപടി നിയമസംഹിത, 1908-ലെ വ്യവസ്ഥകൾ, ആകുന്നിടത്തോളം ബാധകമാകുന്നതുമാണ്. 1908-ലെ 5

(9) (8)-ാം ഉപവകുപ്പിൻകീഴിൽ അന്വേഷണങ്ങൾ നടത്തുന്നതിൻമേൽ കോടതി—

(ക) ജപ്തിയുത്തരവ് സ്ഥിരപ്പെടുത്തുകയും ജപ്തിചെയ്ത വസ്തുവിൻെറ വിൽപനയ്ക്ക് നിദേശിക്കുകയും ചെയ്യുന്നതോ ; അല്ലെങ്കിൽ

(ഖ) വസ്തുവിൻെറ ഒരു ഭാഗം ജപ്തിയിൽനിന്ന് വിടത്തക്കവിധം ജപ്തിയുത്തരവ്, വ്യത്യാസപ്പെടുത്തുകയും, ജപ്തിചെയ്ത വസ്തുവിൻെറ ബാക്കിയുടെ വിൽപനയ്ക്ക് നിദേശിക്കുകയും ചെയ്യുന്നതോ ; അല്ലെങ്കിൽ

(ഗ) ബോർഡിൻെറ താത്പര്യങ്ങൾക്ക് ജപ്തി ആവശ്യകമല്ലെന്ന് അതിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ജപ്തിയിൽനിന്ന് വസ്തു വിടുത്തുന്നതോ ; അല്ലെങ്കിൽ

(ഘ) ഇൻജംങ്ഷൻ സ്ഥിരപ്പെടുത്തുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യുന്നതോ ; അല്ലെങ്കിൽ

(ങ) ആ എണ്ണവ്യവസായ സ്ഥാപനത്തിൻെറ മാനേജ്മെൻറ്, ബോർഡിന് കൈമാററം ചെയ്യുന്നതോ അല്ലെങ്കിൽ ഇതിലേക്ക് കൊടുത്ത അവകാശവാദം നിരസിക്കുന്നതോ, ആയ ഒരു ഉത്തരവ് പാസ്സാക്കേണ്ടതാണ് :

എന്നാൽ, (ഗ) ഖണ്ഡത്തിൻകീഴിൽ ഏതെങ്കിലും ഉത്തരവു പുറപ്പെടുവിക്കുമ്പോൾ, കോടതിക്ക്, ബോർഡിൻെറ താത്പര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യകമാണെന്ന് തോന്നുന്ന മററ് ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതും, നടപടിയുടെ ചെലവുകൾ യുക്തമെന്ന് തോന്നുന്ന രീതിയിൽ വീതിക്കാവുന്നതുമാണ് :

എന്നുമാത്രമല്ല, ഏതെങ്കിലും വസ്തു ജപ്തിയിൽനിന്ന് വിടുത്തുന്ന ഏതെങ്കിലുംഉത്തരവിനെതിരായി, അപ്പീൽ കൊടുക്കുകയില്ലെന്ന്, ബോർഡ് കോടതിയെ അറിയിക്കാത്തപക്ഷം, അങ്ങനെയുള്ള ഉത്തരവിന് (12-ാം) ഉപവകുപ്പിൻകീഴിൽ അപ്പീൽ കൊടുക്കുന്നതിന് നിജപ്പെടുത്തിയിട്ടുള്ള കാലാവധി കഴിയുന്നതുവരേയോ അല്ലെങ്കിൽ അപ്പീൽ കൊടുക്കുന്നുവെങ്കിൽ മുൻപറഞ്ഞ കോടതിയുടെ തീരുമാനങ്ങളിൽനിന്നുള്ള അപ്പീലുകൾ കേൾക്കാൻ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള കോടതി, മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, അപ്പീൽ തീർച്ചചെയ്യുന്നതുവരേയോ പ്രാബല്യം നല്കാൻ പാടുള്ളതല്ല.

(10) വസ്തുവിൻെറ ജപ്തിക്കോ വില്പനയ്ക്കോ ഉള്ള ഒരു ഉത്തരവ്, പ്രായോഗികമായിടത്തോളം, വിധിനടത്തലിൽ വസ്തുവിൻെറ ജപ്തിക്കോ വില്പനയ്ക്കോ സിവിൽ നടപടി നിയമസംഹിത, 1908-ൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ, ബോർഡ് വിധി ഉടമയായിരുന്നാലെന്നപോലെയും, നടപ്പിൽ വരുത്തേണ്ടതാകുന്നു.

(11) ബോർഡിന്, ഒരു എണ്ണ വ്യവസായ സ്ഥാപനത്തിൻെറ മാനേജ്മെൻറ് കൈമാററം ചെയ്യുന്ന ഈ വകുപ്പിൻകീഴിലെ ഒരു ഉത്തരവ്, പ്രായോഗികമായിടത്തോളം, വിധി നടത്തലിൽ, സ്ഥാവരവസ്തുക്കളുടെ കൈവശത്തിനും ജംഗമവസ്തുക്കളുടെ ഡെലിവറിക്കും സിവിൽ നടപടി നിയമസംഹിത, 1908-ൽ വ്യവസ്ഥ ചെയ്യുന്ന രീതിയിലും, ബോർഡ് വിധി ഉടമയായിരുന്നാലെന്നപോലെയും നടപ്പിൽ വരുത്തേണ്ടതാകുന്നു. (1908-ലെ 5)

(12) (7)-ാം ഉപവകുപ്പിൻകീഴിലോ (9)-ാം ഉപവകുപ്പിൻകീഴിലോ ഉള്ള ഉത്തരവിനാൽ സങ്കടക്കാരനായ ഏതെങ്കിലും കക്ഷിക്ക്, ഉത്തരവിൻെറ തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ, ഉത്തരവ് പാസ്സാക്കിയ കോടതിയുടെ തീരുമാനങ്ങളിൽനിന്ന് അപ്പീലുകൾ കേൾക്കാൻ അധികാരപ്പെടുത്തപ്പെട്ട കോടതിയിലേക്ക് അപ്പീൽ കൊടുക്കാവുന്നതും, അപ്പീൽ കോടതിക്ക് കക്ഷികൾക്കു പറയാനുള്ളതു കേട്ടശേഷം യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ പാസ്സാക്കാവുന്നതുമാണ്.

(13) (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു അപേക്ഷ കൊടുക്കുന്നതിനുമുമ്പ്, ആ എണ്ണവ്യവസായ സ്ഥാപനത്തേയോ മററാളേയോ സംബന്ധിച്ച ലിക്വിഡേഷൻ നടപടികളോ നിർദ്ധനത്വ നടപടികളോ, ആരംഭിച്ചിട്ടുള്ളിടത്ത്, ഈ വകുപ്പിലെ യാതൊന്നിനും, ആ സ്ഥാപനത്തിന്റെയോ മററ് ആളുടെയോ മററു ഉത്തമർണ്ണൻമാരെക്കാൾ മറേറതെങ്കിലും നിയമംബോർഡിന് നല്കുന്നതല്ലാത്ത ഏതെങ്കിലും മുൻഗണന, അതിന് നല്കുന്നതായി, അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

(14) ഈ വകുപ്പിൻകീഴിൽ ഇടക്കാല ഇൻജംങ്ഷൻ നല്കാൻ ക്ഷമതയുള്ള ഏതെങ്കിലും കോടതിക്ക് റിസീവറെ നിയമിക്കുകയും, അതിന് ആനുഷംഗികമായ മറെറല്ലാ അധികാരങ്ങളും പ്രയോഗിക്കുകയും ചെയ്യാൻകൂടി അധികാരമുണ്ടായിരിക്കുന്നതാണെന്ന് സംശയങ്ങൾ നീക്കാനായി ഇതിനാൽ പ്രഖ്യാപിക്കുന്നു.

ഒരു എണ്ണ വ്യവസായ സ്ഥാപനത്തിന്റെ ഡയറക്ടർമാരെ നിയമിക്കുന്നതിന് ബോർഡിനുള്ള അധികാരം.

10. എണ്ണവ്യവസായ സ്ഥാപനത്തിന്റെ മാനേജ്മെൻറ് ബോർഡ് ഏറെറടുക്കുമ്പോൾ, ബോർഡിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്ന ഉത്തരവുവഴി, ആ സ്ഥാപനത്തിന്റെ ഡയറക്ടർമാരായിരിക്കാൻ യുക്തമെന്നു തോന്നുന്ന ആളുകളെ നിയമിക്കാവുന്നതും കമ്പനി ആക്ററ്, 1956-ലോ, ആ സ്ഥാപനത്തെ സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്തിലോ പ്രമാണത്തിലോ ഉള്ള യാതൊന്നും, അതു ഒരു ഡയറക്ടറെ സംബന്ധിച്ച്, ഏതെങ്കിലും ഓഹരിയോഗ്യത ഉണ്ടായിരിക്കുന്നതിനോ, പ്രായപരിധിക്കോ, ഡയറക്ടർ സ്ഥാപനത്തിന്റെ എണ്ണത്തിലുള്ള പരിമിതികൾക്കോ, ഊഴപ്രകാരമുള്ള ഉദ്യോഗവിരാമത്തിനോ, ഉദ്യോഗത്തിൽനിന്നുള്ള നീക്കം ചെയ്യലിനോ, ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നിടത്തോളം, ഈ വകുപ്പിൻ കീഴിൽ ബോർഡ് നിയമിക്കുന്ന ഏതെങ്കിലും ഡയറക്ടർക്ക് ബാധകമായിരിക്കുന്നതല്ല.

ഡയറക്ടറെ നിയമിക്കുന്ന വിജ്ഞാപനം ചെയ്ത ഉത്തരവിന്റെ പ്രഭാവം.

11. 10-ാം വകുപ്പിൻകീഴിലെ വിജ്ഞാപനം ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നതിൻമേൽ—

(ക) വിജ്ഞാപനംചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നതിനു തൊട്ടു മുൻപ്, ആ എണ്ണവ്യവസായ സ്ഥാപനത്തിന്റെ ഡയറക്ടർമാരായി ഉദ്യോഗം വഹിക്കുകയോ അങ്ങനെയുള്ള സ്ഥാപനത്തിന്റെ മാനേജ്മെൻറിന്റെ ചാർജ്ജുണ്ടായിരിക്കുകയോ ചെയ്യുന്ന എല്ലാ ആളുകളും, അങ്ങനെയുള്ള അവരുടെ ഉദ്യോഗങ്ങൾ ഒഴിഞ്ഞിരിക്കുന്നതായി കരുതപ്പെടുന്നതും;

(ഖ) 10-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഡയറക്ടർമാർ, ആ എണ്ണവ്യവസായ സ്ഥാപനത്തിന് അവകാശപ്പെട്ടതോ, അവകാശപ്പെട്ടതായി തോന്നുന്നതോ ആയ വസ്തുതകളും മുതലുകളും, വ്യവഹാരപ്പെടാവുന്ന തേർച്ചകളും, അവരുടെ കസ്ററഡിയിലേക്കോ അവരുടെ നിയന്ത്രണത്തിലോ എടുക്കുന്നതിന് ആവശ്യകമായ നടപടികൾ എടുക്കേണ്ടതും, സ്ഥാപനത്തിന്റെ എല്ലാ വസ്തുക്കളും മുതലുകളും, വിജ്ഞാപനം ചെയ്ത ഉത്തരവിന്റെ തീയതി മുതൽ ഡയറക്ടർമാരുടെ കസ്ററഡിയിൽ ആയിരിക്കുന്നതായി കരുതപ്പെടുന്നതും;

(ഗ) 10-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഡയറക്ടർമാർ, എല്ലാ ആവശ്യങ്ങൾക്കും, എണ്ണവ്യവസായ സ്ഥാപനത്തിന്റെ, കമ്പനി ആക്ററ് 1956-ൻ കീഴിൽ മുറപ്രകാരം ഏർപ്പെടുത്തിയ ഡയറക്ടർമാരായിരിക്കുന്നതും, സ്ഥാപനത്തിന്റെ ഡയറക്ടർമാരുടെ എല്ലാ അധികാരങ്ങളും. അവ മുൻപറഞ്ഞ ആക്ററിൽനിന്നോ, സ്ഥാപനത്തിന്റെ സംഘം മെമ്മോറാണ്ടത്തിൽനിന്നോ സംഘനിയമാവലിയിൽനിന്നോ മറേറതെങ്കിലും പ്രഭവസ്ഥാനത്തുനിന്നോ സിദ്ധിച്ചതായാലും പ്രയോഗിക്കാൻ അവർക്കുമാത്രം അവകാശമുണ്ടായിരിക്കുന്നതും;

ആകുന്നു.

ഡയറക്ടർമാരുടെ അധികാരങ്ങളും കർത്തവ്യങ്ങളും.

12. (1) ബോർഡിന്റെ നിയന്ത്രണത്തിന് വിധേയമായി, 10-ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ഡയറക്ടർമാർ, എണ്ണവ്യവസായ സ്ഥാപനത്തിന്റെ ബിസിനസ് കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി ആവശ്യകമായ നടപടികൾ എടുക്കേണ്ടതും, നിർണ്ണയിക്കപ്പെടുന്ന അധികാരങ്ങൾ പ്രയോഗിക്കുകയും കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യേണ്ടതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ, തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗംവരാത്തവിധത്തിൽ, 10-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഡയറക്ടർമാർക്ക്, ബോർഡിന്റെ മുൻ അംഗീകാരത്തോടുകൂടി, 10-ാം വകുപ്പിൻകീഴിൽ വിജ്ഞാപനംചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ്, ഏതെങ്കിലും സമയം, എണ്ണവ്യവസായ സ്ഥാപനവും മററ് ഏതെങ്കിലും ആളും തമ്മിൽ ഏർപ്പെട്ട ഏതെങ്കിലും കാൺട്രാക്ററോ കരാറോ റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതിനുവേണ്ടി കോടതിയിലേക്ക് അപേക്ഷ കൊടുക്കാവുന്നതും മുറപ്രകാരമുള്ള അന്വേഷണ വിചാരണയ്ക്കുശേഷം, അങ്ങനെയുള്ള കാൺട്രാക്ററിലോ കരാറിലോ ഏർപ്പെട്ടിട്ടുണ്ടായിരുന്നത് ഉത്തമവിശ്വാസരഹിതമായിട്ടാണെന്നും അതു സ്ഥാപനത്തിന്റെ താത്പര്യങ്ങൾക്ക് ഹാനികരമാണെന്നും ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതിക്ക്, (നിരുപാധികമായോ, ചുമത്തുന്നത് യുക്തമാണെന്ന് തോന്നുന്ന ഉപാധികൾക്ക് വിധേയമായോ) ആ കാൺട്രാക്ററോ കരാറോ റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, ആ കാൺട്രാക്ററോ കരാറോ അതനുസരിച്ച്, അതതുസംഗതിപോലെ, റദ്ദാക്കപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ അപ്രകാരം വ്യത്യാസപ്പെടുത്തിയ രീതിയിലുള്ള പ്രഭാവത്തോടുകൂടിയതോ ആയിരിക്കുന്നതും ആണ്.

*ഉദ്യോഗ നഷ്ടത്തിന് നഷ്ടപരിഹാരത്തിന് അവകാശമില്ലെന്ന്.*

13. (1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു എണ്ണവ്യവസായ സ്ഥാപനം സംബന്ധിച്ച് 10-ാം വകുപ്പിൻകീഴിലെ വിജ്ഞാപനം ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ്, അങ്ങനെയുള്ള സ്ഥാപനത്തിന്റെ ചാർജ്ജുള്ള യാതൊരു ഡയറക്ടർക്കും അല്ലെങ്കിൽ മററ് ആരംക്കും ഈ ആക്ററിൻകീഴിലുള്ള ഉദ്യോഗ നഷ്ടത്തിനോ, അങ്ങനെയുള്ള മാനേജ്മെൻറിന്റെ ചാർജ്ജുണ്ടായിരിക്കാൻ അയാരംക്ക് അവകാശം നൽകുന്ന കാൺട്രാക്ററ് ഈ ആക്ററിൻകീഴിൽ കാലമെത്തുന്നതിനുമുമ്പ് അവസാനിപ്പിക്കുന്നതിനോ, ഏതെങ്കിലും നഷ്ടപരിഹാരത്തിന് അവകാശമുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അതിൽ പരാമർശിച്ച ഏതെങ്കിലും ഡയറക്ടർക്കോ മററു ആരംക്കോ അങ്ങനെയുള്ള നഷ്ടപരിഹാരം വഴിയല്ലാതെ മററു വിധത്തിൽ വസൂലാക്കപ്പെടാവുന്ന പണത്തുകകരം ആ എണ്ണ വ്യവസായ സ്ഥാപനത്തിൽനിന്ന് വസൂലാക്കുന്നതിനുള്ള അവകാശത്തെ ബാധിക്കുന്നതല്ല.

*1956-ലെ 1-ാം നമ്പർ ആക്ററിന്റെ ബാധകത.*

14. (1) കമ്പനി ആക്ററ്, 1956-ൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഒരു കമ്പനിയായ, ഒരു എണ്ണവ്യവസായ സ്ഥാപനത്തിന്റെ മാനേജ്മെൻറ്, ബോർഡ് ഏറെറടുക്കുന്നിടത്ത്, മുൻപറഞ്ഞ ആക്ററിലോ, അങ്ങനെയുള്ള സ്ഥാപനത്തിന്റെ സംഘം മെമ്മോറാണ്ടത്തിലോ സംഘ നിയമാവലിയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) അങ്ങനെയുള്ള സ്ഥാപനത്തിന്റെ ഓഹരി ഉടമകളോ, മറേറതെങ്കിലും ആളോ ഏതെങ്കിലും ആളെ അങ്ങനെയുള്ള സ്ഥാപനത്തിന്റെ ഡയറക്ടറായിരിക്കാൻ നാമനിർദ്ദേശം ചെയ്യുകയോ, നിയമിക്കുകയോ ചെയ്യുന്നത് നിയമാനുസൃതമായിരിക്കുന്നതല്ലാത്തതും ;

(ഖ) ബോർഡിനാൽ അംഗീകരിക്കപ്പെടാത്തപക്ഷം, അങ്ങനെയുള്ള സ്ഥാപനത്തിന്റെ ഓഹരി ഉടമകളുടെ ഏതെങ്കിലും യോഗത്തിൽ പാസ്സാക്കുന്ന യാതൊരു പ്രമേയത്തിനും പ്രാവം നൽകാൻ പാടില്ലാത്തതും ;

(ഗ) ബോർഡിന്റെ സമ്മതത്തോടെയൊഴികെ അങ്ങനെയുള്ള സ്ഥാപനത്തിന്റെ സമാപനത്തിനോ, അതു സംബന്ധിച്ച റിസീവറുടെ നിയമനത്തിനോ ഉള്ള യാതൊരു നടപടിയും ഏതെങ്കിലും കോടതിയിൽ നിലനിൽക്കുന്നതല്ലാത്തതും ;

ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയ വ്യവസ്ഥകരംക്കും, ഈ ആക്ററിൽ അടങ്ങിയ മററു വ്യവസ്ഥകരംക്കും വിധേയമായും, കേന്ദ്ര ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഇതിലേക്ക് വിനിർദ്ദേശിക്കുന്ന മററു അപവാദങ്ങരംക്കും നിയന്ത്രണങ്ങരംക്കും പരിമിതികരംക്കും വിധേയമായും, കമ്പനി ആക്ററ്, 1956 അങ്ങനെയുള്ള സ്ഥാപനത്തിന് 10-ാം വകുപ്പിൻകീഴിലെ വിജ്ഞാപനം ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് അതിന് ബാധകമായിരുന്ന അതേ രീതിയിൽ തുടർന്നു ബാധകമായിരിക്കുന്നതാണ്. 1956-ലെ 1

## അദ്ധ്യായം III

## ധനകാര്യവും കണക്കുകളും ആഡിററും

*എക്സൈസ് ഡ്യൂട്ടികരം.*

15. (1) പട്ടിക 2-ാം കാളത്തിൽ വിനിർദ്ദേശിക്കുന്ന ഏതു ഇനമാണോ ഇൻഡ്യയിൽ (അതിന്റെ കോണ്ടിനെൻറൽ ഷെൽഫ് ഉരംപ്പെടെ) ഉൽപ്പാദിപ്പിക്കുകയും—

(ക) ഒരു സംരക്ഷണശാലയിലേക്കോ ഫാക്ടറിയിലേക്കോ, നീക്കം ചെയ്യുകയും, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഇനം ഉൽപ്പാദിപ്പിക്കുന്ന ആരം വേറൊരാരംക്ക് കൈമാററം ചെയ്യുകയും, ചെയ്യുന്നത്, അങ്ങനെയുള്ള ഏതൊരു ഇനത്തിൻമേലും പട്ടിക 3-ാം കാളത്തിലെ സമസ്ഥാനീയമായ ഉരംക്കുറിപ്പിൽ പ്രതിപാദിക്കുന്ന നിരക്കിൽ കവിയാത്തതും, കേന്ദ്ര ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, വിനിർദ്ദേശിക്കുന്നതുമായ നിരക്കിൽ എക്സൈസ് ഡ്യൂട്ടി, ഈ ആക്ററിന്റെ ആവശ്യങ്ങരംക്കുള്ള ഒരു സെസ്സായി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ് :

എന്നാൽ, കേന്ദ്ര ഗവൺമെൻറ്, അങ്ങനെയുള്ള വിജ്ഞാപനംവഴി, (പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഒരു ഇനമായിരിക്കുന്ന) അസംസ്കൃത എണ്ണയെ സംബന്ധിക്കുന്ന എക്സൈസ് ഡ്യൂട്ടി നിരക്ക് വിനിർദ്ദേശിക്കുന്നതുവരെ, അസംസ്കൃത എണ്ണയിൻമേലുള്ള ഈ വകുപ്പിൻകീഴിലെ എക്സൈസ് ഡ്യൂട്ടി ടണ്ണിന് അറുപതു രൂപ നിരക്കിൽ ചുമത്തുകയും പിരിക്കുകയും ചെയ്യേണ്ടതാകുന്നു

(2) ഏതെങ്കിലും ഇനത്തിൻമേൽ (1)-ാം ഉപവകുപ്പിൻകീഴിൽ ചുമത്തേണ്ട ഏതൊരു എക്സൈസ് ഡ്യൂട്ടിയും, അങ്ങനെയുള്ള ഇനം ഉൽപാദിപ്പിക്കുന്ന ആരം ഒടുക്കേണ്ടതായിരിക്കുന്നതും, അസംസ്കൃത എണ്ണയുടെ സംഗതിയിൽ, എക്സൈസ് ഡ്യൂട്ടി സംസ്ക്കരണശാലയിൽ ലഭിക്കുന്ന അളവിൻമേൽ പിരിക്കപ്പെടേണ്ടതുമാകുന്നു.

(3) പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഇനങ്ങളിൻമേലുള്ള (1)-ാം ഉപവകുപ്പിൻകീഴിലെ എക്സൈസ് ഡ്യൂട്ടികൾ, തൽസമയം പ്രാബല്യത്തിലുള്ള മററു ഏതെങ്കിലും നിയമത്തിൻകീഴിൽ, ആ ഇനങ്ങളിൻമേൽ ചുമത്താവുന്ന ഏതെങ്കിലും സെസ്സിനോ ഡ്യൂട്ടിക്കോ പുറമേയുള്ളതായിരിക്കുന്നതാണ്.

1944-ലെ 1

(4) കേന്ദ്ര എക്സൈസുകളും ഉപ്പും ആക്ററ്, 1944 ലേയും, അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾ, മടക്കിക്കൊടുക്കലുകളേയും, ഡ്യൂട്ടിയിൽനിന്നുള്ള ഒഴിവാക്കലുകളേയും സംബന്ധിച്ചുള്ളവ ഉൾപ്പെടെ, ആകുന്നിടത്തോളം ഈ വകുപ്പിൻകീഴിൽ ചുമത്തേണ്ട എക്സൈസ് ഡ്യൂട്ടികളുടെ ചുമത്തലും പിരിക്കലും സംബന്ധിച്ച് ബാധകമായിരിക്കുന്നതും, ഈ ആവശ്യത്തിലേക്ക്, ആ ആക്ററിലെ വ്യവസ്ഥകൾക്ക്, പട്ടികയിൽ വിനിർദ്ദേശിക്കുന്ന എല്ലാ ഇനങ്ങളിൻമേലും, എക്സൈസ് ഡ്യൂട്ടികൾ ചുമത്തുന്നതിന് ആ ആക്ററ് വ്യവസ്ഥ ചെയ്തിരുന്നാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

ഡ്യൂട്ടിയിൽ നിന്നുള്ള വരവുകൾ ഇൻഡ്യയുടെ സഞ്ചിതനിധിയിലേക്ക് വരവ് വയ്ക്കൽ:

16. 15-ാം വകുപ്പിൻകീഴിൽ ചുമത്തുന്ന ഡ്യൂട്ടികളിൽനിന്നുള്ള വരവുകൾ ആദ്യമായി ഇൻഡ്യയുടെ സഞ്ചിതനിധിലേക്ക് വരവ് വയ്ക്കേണ്ടതും, കേന്ദ്ര ഗവൺമെൻറിന് പിരിക്കൽ ചെലവുകൾ കിഴിവ് ചെയ്തതിനുശേഷം അങ്ങനെയുള്ള വരവുകളിൽനിന്ന്, അനന്യമായി ഈ ആക്ററിൻെറ ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കപ്പെടുന്നതിനായി യുക്തമെന്നു തോന്നുന്ന പണത്തുകകൾ അപ്പോഴപ്പോൾ ബോർഡിന് കൊടുക്കാവുന്നതാണെന്ന് പാർലമെൻറ് ഇതിലേക്ക് നിയമം മുഖേന ചെയ്യുന്ന വിനിയോഗംവഴി, വ്യവസ്ഥ ചെയ്യുന്നുവെങ്കിൽ, അപ്രകാരം കൊടുക്കാവുന്നതാണ്.

കേന്ദ്ര ഗവൺമെൻറിനാലുള്ള ഗ്രാൻറുകളും കടങ്ങളും.

17. പാർലമെൻറ്, ഇതിലേക്ക് നിയമം മുഖേന ചെയ്യുന്ന മുറപ്രകാരമുള്ള വിനിയോഗത്തിനുശേഷം, കേന്ദ്ര ഗവൺമെൻറിന്, ആവശ്യകമെന്ന് കരുതുന്ന പണത്തുകകൾ ഗ്രാൻറുകളായോ കടങ്ങളായോ ബോർഡിന് കൊടുക്കാവുന്നതാണ്.

എണ്ണ വ്യവസായ വികസനനിധി.

18 (1) എണ്ണ വ്യവസായ വികസനനിധി എന്ന് പേർ പറയപ്പെടേണ്ട നിധി രൂപീകരിക്കേണ്ടതും, അതിലേക്ക്,—

(ക) 16-ാം വകുപ്പിനോ 17-ാം വകുപ്പിനോ കീഴിൽ കൊടുക്കുന്ന ഏതെങ്കിലും പണത്തുകകളും ;

(ഖ) ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക്, ഏതെങ്കിലും ആളോ സ്ഥാപനമോ നൽകുന്ന ഏതെങ്കിലും ഗ്രാൻറുകളും ;

(ഗ) ബോർഡ് കടം വാങ്ങുന്ന ഏതെങ്കിലും തുകകളും ;

(ഘ) ബോർഡിന്, അതിൻെറ ചുമതലകൾ നിറവേററുന്നതിലോ ഈ ആക്ററ് നടപ്പിൽ വരുത്തുന്നതിലോ അത് വസൂലാക്കുന്ന തുകകൾ, വല്ലതുമുണ്ടെങ്കിൽ, അവയും, വരവ് വയ്ക്കേണ്ടതാകുന്നു.

(2) നിധി,—

(ക) ബോർഡിൻെറ ഉദ്യോഗസ്ഥൻമാരുടേയും മററു ജോലിക്കാരുടേയും, ഏത് ഉപദേഷ്ടാക്കളുടേയും, വിദഗ്ദ്ധാഭിപ്രായത്തിന് സമീപിക്കപ്പെടുന്ന ആളുകളുടേയും മററു ഏജൻസികളുടേയും സേവനമാണോ ബോർഡ് പ്രയോജനപ്പെടുത്തുന്നത്, ആ ഉപദേഷ്ടാക്കളുടേയും ആളുകളുടേയും ഏജൻസികളുടേയും ശമ്പളങ്ങളും, ബത്തകളും ആണറേറിയങ്ങളും മററു വേതനവും നേരിടുന്നതിനും ;

(ഖ) ബോർഡിൻെറ മററു ഭരണച്ചെലവുകൾ നേരിടുന്നതിനും ;

(ഗ) 6-ാം വകുപ്പിൻകീഴിൽ സഹായം നൽകുന്നതിനും ;

(ഘ) ബോർഡ് എടുത്തിട്ടുള്ള ഏതെങ്കിലും കടങ്ങൾ തിരിയെ കൊടുക്കുകയോ അല്ലെങ്കിൽ ഈ ആക്ററിൻകീഴിലുള്ള മററ് ബാദ്ധ്യതകൾ നേരിടുകയോ ചെയ്യുന്നതിനും ;

ഉപയോഗപ്പെടുത്തേണ്ടതാകുന്നു.

കടം വാങ്ങുന്നതിനുള്ള അധികാരം.

19. ഇതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി എണ്ണ വ്യവസായ വികസനനിധിയുടേയോ മററ് ഏതെങ്കിലും ആസ്തിയുടേയോ ഈടിൻമേൽ കടം വാങ്ങാൻ ബോർഡിന് മററു അധികാരമുണ്ടായിരിക്കുന്നതാണ്.

കണക്കുകളും, ആഡിററും.

20. (1) ബോർഡ്, ശരിയായ കണക്കുകളും മററു പ്രസക്ത റിക്കാർഡുകളും വച്ചുപോരികയും, ലാഭനഷ്ടക്കണക്കു്, ബാക്കി പത്രവുമുൾപ്പെടെ കേന്ദ്ര ഗവൺമെൻറ് ഇൻഡ്യയുടെ കംപ്ട്രോളർ ആഡിററർ ജനറലുമായി ആലോചിച്ച് നിർണ്ണയിക്കുന്ന രൂപത്തിലുള്ള ഒരു വാർഷിക കണക്കുപത്രിക തയ്യാറാക്കുകയും ചെയ്യേണ്ടതാകുന്നു.

(2) ബോർഡിൻെറ കണക്കുകൾ, ഇൻഡ്യയുടെ കംപ്ട്രോളർ—ആഡിററർ ജനറൽ, അദ്ദേഹം വിനിർദ്ദേശിക്കുന്നവിധം ഇടവിട്ട് ആഡിററ് ചെയ്യേണ്ടതും, അങ്ങനെയുള്ള ആഡിററ് സംബന്ധിച്ച് നേരിടുന്ന ഏതെങ്കിലും ചെലവ് ബോർഡ്, കംപ്ട്രോളർ-ആഡിററർ ജനറൽക്ക് കൊടുക്കേണ്ടതുമാകുന്നു.

(3) ഇൻഡ്യയുടെ കംപ്ട്രോളർ-ആഡിററർ ജനറൽക്കും, ബോർഡിൻെറ കണക്കുകളുടെ ആഡിററ് സംബന്ധിച്ച് അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആൾക്കും, അങ്ങനെയുള്ള ആഡിററ് സംബന്ധിച്ച് കംപ്ട്രോളർ—ആഡിററർ ജനറൽക്ക് ഗവൺമെൻറ് കണക്കുകളുടെ ആഡിററ് സംബന്ധിച്ചുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും പ്രാധികാരവും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ചും, ബുക്കുകളും കണക്കുകളും ബന്ധപ്പെട്ട വൗച്ചറുകളും മററു രേഖകളും ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും, ബോർഡിൻെറ ഏതെങ്കിലും ആഫീസുകൾ പരിശോധിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതുമാകുന്നു.

(4) ഇൻഡ്യയുടെ കംപ്ട്രോളർ—ആഡിററർ ജനറലോ, അദ്ദേഹം ഇതിലേക്ക് നിയമിക്കുന്ന മററ് ഏതെങ്കിലും ആളോ സർട്ടിഫൈ ചെയ്തപ്രകാരമുള്ള ബോർഡിൻെറ കണക്കുകൾ, അതിൻമേലുള്ള ആഡിററ് റിപ്പോർട്ട് സഹിതം, വർഷം തോറും കേന്ദ്ര ഗവൺമെൻറിന് അയച്ചുകൊടുക്കേണ്ടതും, ആ ഗവൺമെൻറ് അത് പാർലമെൻറിൻെറ ഓരോ സഭയുടേയും മുമ്പാകെ വയ്പിക്കേണ്ടതുമാകുന്നു.

## അദ്ധ്യായം IV

## കേന്ദ്ര ഗവൺമെൻറിനാലുള്ള നിയന്ത്രണം

21. കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്ന ഉത്തരവുവഴി, എണ്ണ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന എല്ലാ ആളുകളോടോ, അങ്ങനെയുള്ള ഏതെങ്കിലും തരം ആളുകളോടോ,—

(ക) അവരുടെ ബിസിനസ് സംബന്ധിച്ച്, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ബുക്കുകളും കണക്കുകളും റിക്കാർഡുകളും വച്ചുപോരാനും,

(ഖ) അങ്ങനെയുള്ള ബുക്കുകളും കണക്കുകളും റിക്കാർഡുകളും പരിശോധനയ്ക്ക് ഹാജരാക്കാനും അവ സംബന്ധിച്ച് ഉത്തരവിൽ വിനിർദ്ദേശിക്കുന്ന വിവരം ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന സമയങ്ങളിലോ പരിതസ്ഥിതികളിലോ നൽകാനും,

ആവശ്യപ്പെടാവുന്നതാണ്.

എണ്ണ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ആളുകളോട് ബിസിനസ് സംബന്ധിച്ച ബുക്കുകളും കണക്കുകളും റിക്കാർഡുകളും വച്ചുപോരാനും ഹാജരാക്കാനും ആവശ്യപ്പെടുന്നതിനുള്ള അധികാരവും അവയുടെ പരിശോധനയും.

22. ബോർഡ്, ഈ ആക്ററിൻെറ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി, കേന്ദ്ര ഗവൺമെൻറ് അപ്പോഴപ്പോൾ അതിന് നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാകുന്നു.

കേന്ദ്ര ഗവൺമെൻറിനാലുള്ള നിർദ്ദേശങ്ങൾ.

22 ക. ആദായ നികുതി ആക്ററ്, 1961-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡ് അതിൻെറ ആദായമോ, ലാഭങ്ങളോ, നേട്ടങ്ങളോ സംബന്ധിച്ച് ഏതെങ്കിലും ആദായനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതല്ല.

ആദായ നികുതി കൊടുക്കേണ്ട ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കൽ.

## അദ്ധ്യായം V

## പലവക

23. ദണ്ഡനങ്ങൾ.—യാതൊരാളാണോ,—

(ക) ഏതെങ്കിലും ബുക്കുകളോ കണക്കുകളോ റിക്കാർഡുകളോ ഹാജരാക്കാനോ, ഏതെങ്കിലും വിവരം നൽകാനോ ആവശ്യപ്പെട്ടിരിക്കെ, അങ്ങനെയുള്ള ബുക്കുകളോ കണക്കുകളോ റിക്കാർഡുകളോ ഹാജരാക്കാതിരിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള വിവരം നൽകാതിരിക്കുകയോ, അല്ലെങ്കിൽ വ്യാജമായതും വ്യാജമാണെന്ന് താൻ അറിയുകയോ വിശ്വസിക്കുകയോ, അല്ലെങ്കിൽ സത്യമാണെന്ന് താൻ വിശ്വസിക്കാതിരിക്കുകയോ ചെയ്യുന്നതും ആയ വിവരം നൽകുകയോ ;

അല്ലെങ്കിൽ

(ഖ) ഏതെങ്കിലും അംഗത്തേയോ ബോർഡിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ മററു ജോലിക്കാരനേയോ അല്ലെങ്കിൽ കേന്ദ്രഗവൺമെൻേറാ ബോർഡോ ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളേയോ ഈ ആക്റേറാ ഈ ആക്ററിൻകീഴിലോ, അയാൾക്കു നൽകുന്ന ഏതെങ്കിലും അധികാരം പ്രയോഗിക്കുകയോ അയാളിൽ ചുമത്തുന്ന ഏതെങ്കിലും കർത്തവ്യം നിറവേററുകയോ ചെയ്യുന്നതിൽ തടസ്സപ്പെടുത്തുകയോ,

ചെയ്യുന്നത്, ആ ആൾ ഒരു വർഷത്തോളമാകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

**മററു ദണ്ഡനങ്ങൾ**

24. ഈ ആക്ററിലേയോ അതിൻ കീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടത്തിലേയോ വ്യവസ്ഥകൾ ഏതെങ്കിലും (ഏതു വ്യവസ്ഥകളുടെ ഉല്ലംഘനത്തിനാണോ 23-ാം വകുപ്പ് ബാധകമാകുന്നത്, അങ്ങനെയുള്ള വ്യവസ്ഥകളല്ലാത്തവ) ഉല്ലംഘിക്കുകയോ, ഉല്ലംഘിക്കാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ ഉല്ലംഘിക്കുന്നതിനു പ്രേരണ നൽകുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

**കമ്പനികളാലുള്ള കുററങ്ങൾ.**

25. (1) ഈ ആക്ററിൻകീഴിലെ ഒരു കുററം, കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, കമ്പനിക്കുപുറമേ കുററം ചെയ്യപ്പെട്ട സമയത്ത്, കമ്പനിയുടെ ബിസിനസ്സിൻെറ നടത്തിപ്പിനുവേണ്ടി, കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും, കമ്പനിയോട് ഉത്തരവാദിയായിരുന്നതും ആയ ഏതൊരാളും, ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ്:

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുററം ചെയ്യപ്പെട്ടത് തൻെറ അറിവു കൂടാതെയാണെന്നോ, അങ്ങനെയുള്ള കുററം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻ കീഴിലെ ഒരു കുററം കമ്പനി ചെയ്തിരിക്കുകയും ആ കുററം, ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ മാനേജരുടേയോ സെക്രട്ടറിയുടേയോ മററ് ഉദ്യോഗസ്ഥൻേറയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മററ് ഉദ്യോഗസ്ഥനോ കൂടി ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതുമാണ്.

വിശദീകരണം.— ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗീകൃതനികായമെന്ന് അർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സംഘടനയോ ഉൾപ്പെടുന്നതും;

(ഖ) "ഡയറക്ടർ" എന്നാൽ, ഒരു ഫേം സംബന്ധിച്ച്, അതിലെ പങ്കാളി എന്നർത്ഥമാകുന്നതും,

ആകുന്നു.

**കോടതികളുടെ അധികാരിത.**

26. ഒരു മഹാനഗര മജിസ്ട്രേട്ടിൻേറയോ ഒന്നാം ക്ലാസ് മജിസ്ട്രേട്ടിൻേറയോ കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും, ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം വിചാരണ ചെയ്യാൻ പാടുള്ളതല്ല.

**കേന്ദ്ര ഗവൺമെൻറിൻെറ മുൻ അനുമതി.**

27. ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിനുള്ള യാതൊരു പ്രാസിക്യൂഷനും കേന്ദ്രഗവൺമെൻറിൻെറ മുൻ അനുമതിയോടൊഴികെ ആരംഭിക്കാൻ പാടുള്ളതല്ല.

**ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിയുടെ സംരക്ഷണം.**

28. ഈ ആക്ററിനോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്കോ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ, ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തിനെങ്കിലും കേന്ദ്രഗവൺമെൻറിനോ ബോർഡിനോ, ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും കമ്മിററിക്കോ, ബോർഡിലേയോ അങ്ങനെയുള്ള കമ്മിററിയിലേയോ ഏതെങ്കിലും അംഗത്തിനോ, കേന്ദ്രഗവൺമെൻറിൻേറയോ ബോർഡിൻേറയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ മററു ജോലിക്കാരനോ, അല്ലെങ്കിൽ കേന്ദ്രഗവൺമെൻറിൻേറയോ ബോർഡിൻേറയോ ഏതെങ്കിലും ഏജൻറിനോ, കേന്ദ്രഗവൺമെൻേറാ ബോർഡോ പ്രാധികാരപ്പെടുത്തുന്ന മററ് ഏതെങ്കിലും ആൾക്കോ എതിരായി, യാതൊരു വ്യവഹാരവും, അല്ലെങ്കിൽ പ്രാസിക്യൂഷനും അല്ലെങ്കിൽ മററ് നിയമ നടപടിയും നിലനിൽക്കുന്നതല്ല.

**ബോർഡിൻെറ വിഘടനം.**

29. (1) ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തീയതി മുതൽക്കും കാലയളവിലും, ബോർഡ് വിഘടിതമാക്കിയിരിക്കുന്നതായി നിദേശിക്കുന്നത്, പൊതു താൽപ്പര്യത്തിന് ആവശ്യകമാണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കേന്ദ്രഗവൺമെൻറിന്, അപ്രകാരം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ, ബോർഡ് വിഘടിതമാകുമ്പോൾ,—

(ക) എല്ലാ അംഗങ്ങളും, അവരുടെ ഉദ്യോഗ കാലാവധി അവസാനിച്ചിട്ടില്ലെന്നിരുന്നാലും, വിഘടനത്തീയതി മുതൽ, അങ്ങനെയുള്ള അംഗങ്ങളെന്ന നിലയിലുള്ള തങ്ങളുടെ ഉദ്യോഗങ്ങൾ ഒഴിയേണ്ടതും;

(ഖ) വിഘടനക്കാലയളവിൽ, ബോർഡിന്റെ എല്ലാ അധികാരങ്ങളും, കർത്തവ്യങ്ങളും കേന്ദ്ര ഗവൺമെന്റ് ഇതിലേക്ക് നിയമിക്കുന്ന ആളോ ആളുകളോ പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതും ;

(ഗ) ബോർഡിൽ നിക്ഷിപ്തമായ എല്ലാ പണവും, മററു വസ്തുക്കളും വിഘടനക്കാലയളവിൽ, കേന്ദ്രഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതും ;

ആകുന്നു.

(3) വിഘടനക്കാലയളവ് അവസാനിക്കുന്നയുടൻ ബോർഡ് ഈ ആക്ററിലെ വ്യവസ്ഥകളനുസരിച്ച് പുന: സംവിധാനം ചെയ്യപ്പെടേണ്ടതാകുന്നു.

30. ഈ ആക്ററിലെ വ്യവസ്ഥകൾക്ക്, അവയോട് അസംഗതമായി ഈ ആക്ററല്ലാത്ത ഏതെങ്കിലും അധിനിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവമുണ്ടായിരിക്കുന്നതാണ്.

*ഈ ആക്ററിനു അധിപ്രഭാവമുണ്ടെന്ന്.*

31. (1) കേന്ദ്ര ഗവൺമെന്റിന് ഈ ആക്ററിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

*ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.*

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങൾക്കു താഴെപറയുന്ന എല്ലാവിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്:

അതായത്,—

(ക) അംഗങ്ങളുടെ ഉദ്യോഗകാലാവധിയും, മററ് സേവന വ്യവസ്ഥകളും അവർക്കിടയിലുള്ള ഒഴിവുകൾ പൂരിപ്പിക്കുന്ന രീതിയും, അവരുടെ ചുമതലകൾ നിറവേററുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമവും ;

(ഖ) ബോർഡിന്റെ സെക്രട്ടറിക്ക് പ്രയോഗിക്കാവുന്ന അധികാരവും അദ്ദേഹം നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളും;

(ഗ) ഒരു അംഗത്തെ നീക്കം ചെയ്യാവുന്നത് ഏത് പരിത:സ്ഥിതികളിലും, ഏത് അധികാരസ്ഥാനത്താലുമാണെന്നുള്ളത്;

(ഘ) ഏതൊരു വർഷവും, ഏററവും കുറഞ്ഞത് ഇത്ര ബോർഡ് യോഗങ്ങൾ നടത്തണമെന്നുള്ളത്;

(ങ) ബോർഡിന്റേയും അതിന്റെ കമ്മിററികളുടേയും യോഗങ്ങൾ വിളിച്ചുകൂട്ടലും, ബോർഡിന്റേയും അതിന്റെ കമ്മിററികളുടേയും യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പിന് അനുവർത്തിക്കേണ്ട നടപടിക്രമവും, യോഗത്തിൽ കോറത്തിനുള്ള അംഗങ്ങളുടെ എണ്ണവും;

(ച) ബോർഡ്, അതു നടത്തുന്ന കാര്യങ്ങളുടെ റിക്കാർഡുകൾ വച്ചുപോരുന്നതും, അതിന്റെ പകർപ്പുകൾ കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുന്നതും;

(ഛ) ചെലവുകൾ നേരിടുന്നത് സംബന്ധിച്ച് ബോർഡിന്റേയും, അതിന്റെ ചെയർമാന്റേയും മററംഗങ്ങളുടെയും സെക്രട്ടറിയുടേയും ബോർഡ് കമ്മിററികളുടേയും അധികാരങ്ങൾ ;

(ജ) ഏതെല്ലാം ഉപാധികൾക്കു വിധേയമായാണ്, ഇൻഡ്യക്കുവെളിയിൽ ബോർഡിന് ചെലവ് നേരിടാവുന്നത് എന്നുള്ളത്;

(ഝ) ബോർഡിന്റെ വരവിന്റേയും ചെലവിന്റേയും ബഡ്ജററ് എസ്ററിമേററുകൾ തയ്യാറാക്കലും ആ എസ്ററിമേററുകൾക്കു അനുമതി നൽകേണ്ടത് ഏതു അധികാരസ്ഥാനമാണെന്നുള്ളതും;

(ഞ) ബോർഡ്, കണക്കുകൾ സൂക്ഷിക്കേണ്ട രൂപവും രീതിയും ;

(ട) ബോർഡിന്റെ പണത്തിന്റെ കസ്ററഡിയും നിക്ഷേപവും ;

(ഠ) പണം കടം വാങ്ങുന്നതിൽ ബോർഡ് പാലിക്കേണ്ട ഉപാധികൾക്കും;

(ഡ) ബോർഡിനോ ബോർഡിനുവേണ്ടിയോ കാൺട്രാക്ററുകളിൽ ഏർപ്പെടാവുന്നത് ഏതു ഉപാധികൾക്ക് വിധേയമായും, ഏത് രീതിയിലും ആണെന്നുള്ളത് ;

(ഢ) ഈ ആക്ററിൻകീഴിലെ ബോർഡിന്റെ അധികാരങ്ങളിലും കർത്തവ്യങ്ങളിലും ഏതെങ്കിലും ബോർഡിന്റെ ചെയർമാനോ സെക്രട്ടറിക്കോ അംഗങ്ങൾക്കോ ഉദ്യോഗസ്ഥൻമാർക്കോ പ്രത്യായോജനം ചെയ്യുന്നത് ;

(ണ) ഏതു കൂടുതൽ നടപടികളുടെ പ്രോൽസാഹനത്തിനാണ് ബോർഡിന് സഹായം നൽകാവുന്നത് എന്നുള്ളത് ;

(പ) 29-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിക്കുന്ന ആൾക്കോ ആളുകൾക്കോ കൊടുക്കേണ്ട വേതനവും, മററു ബത്തകളും;

(ഫ) ഈ ആക്ററിൻകീഴിൽ ബോർഡ് നൽകുന്ന ഏതെങ്കിലും സഹായത്തിനോ സേവനങ്ങൾക്കോ ബോർഡിനു ചുമത്താവുന്ന ഫീസുകൾക്കും ;

(ബ) ബോർഡിന് നിയോജിക്കാവുന്ന സ്ററാഫും ബോർഡിന്റെ (കേന്ദ്ര ഗവൺമെന്റ് നിയമിക്കുന്നവരല്ലാത്ത) ഉദ്യോഗസ്ഥൻമാരുടേയും, മററു ജോലിക്കാരുടേയും ശമ്പളവും ബത്തകളും മററു സേവന വ്യവസ്ഥകളും ;

(ഭ) ഈ ആക്ററിൻകീഴിൽ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുകയോ വ്യവസ്ഥ ചെയ്യപ്പെടുകയോ ചെയ്യേണ്ടതോ ചെയ്യാവുന്നതോ ആയ മറേറതെങ്കിലും വിഷയം;

(3) ഈ വകുപ്പിൻകീഴിൽ കേന്ദ്ര ഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടേയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുൻപ് ഇരു സഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ, ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നാൽ അതു അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്തവിധത്തിലായിരിക്കുന്നതാണ്.

## പട്ടിക.

[വകുപ്പ് 15 (1) നോക്കുക]

| ക്രമനമ്പർ | ഇനത്തിൻെറ പേര് | എക്സൈസ് ഡ്യൂട്ടി പിരിക്കാവുന്ന ഏററവും കൂടിയ നിരക്ക്. |
|---|---|---|
| 1 | 2 | 3 |
| 1 | അസംസ്കൃത എണ്ണ | ടണ്ണിന് നൂറുരൂപ വീതം |
| 2 | പ്രാകൃതിക വാതകം. | ആയിരം ക്യൂബിക് മീററിന് അൻപതു രൂപവീതം. |